# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2376** — **07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## നാളികേര കൃഷി

| ചോദ്യം<br>**ശ്രീ.ടി.വി ഇബ്രാഹിം** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) | നാളികേര കൃഷി മേഖലയിൽ പുതുസംരംഭം ആരംഭിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതിയതായി തെരഞ്ഞെടുത്ത 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായിട്ടുള്ള ഘടകങ്ങളെല്ലാം തന്നെ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.<br>പ്രത്യേക നിക്ഷേപനിധിയിലെ തുക ഉപയോഗിച്ച് തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ 5 ജില്ലകളിൽ നാളികേര അഗ്രോപാർക്കുകൾക്ക് നടപ്പു വർഷം തുടക്കം കുറിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | നാളികേരം, നാളികേര ഉല്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ; | ബി) വിദേശവ്യാപാരം ഉദ്ദേശിച്ച് കേര (വെളിച്ചെണ്ണ), ഡെസിക്കേറ്റഡ് കോക്കനട്ട് (തേങ്ങ ചിരവിയത്), കോക്കനട്ട് മിൽക്ക് പൗഡർ (തേങ്ങപ്പാൽ പൊടി), കേരജം കേശാമൃതം (ഹെർബൽ ഹെയറോയിൽ) , കോക്കനട്ട് വിർജിൻ ഓയിൽ (ഉരുക്കെണ്ണ) എന്നിവയുടെ പരസ്യം ഇന്റർനെറ്റിൽ എല്ലാ പ്രമുഖ സൈറ്റുകളിലും എഫ്.എം. റേഡിയോയിലും നൽകുന്നുണ്ട്. പല വിദേശ കമ്പനികളുമായും പ്രാരംഭ ചർച്ചകൾ നടന്നുകഴിഞ്ഞു. യു.എ.യിൽ നിന്ന് M/s EMKE stores ന്റെ കേര വെളിച്ചെണ്ണയ്ക്ക് വേണ്ടി ലഭിച്ച ഓർഡർ പ്രകാരം ഒരു മാസത്തിനകം വെളിച്ചെണ്ണ കയറ്റി അയക്കുന്നതിനുള്ള |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലേഷ്യയിലുള്ള ഡെസിക്കേറ്റഡ് കോക്കനട്ടിന്റെ കയറ്റുമതിയ്ക്ക് ടെസ്റ്റ് സാമ്പിൾ അയച്ചുകൊടുത്തതിന് പ്രാരംഭ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സി) നാളികേര ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ മുതലായ ഏജൻസികൾ മുഖേന കൃഷി വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ?

സി) നിലവിൽ കേരഫെഡിന്റെ കേര (വെളിച്ചെണ്ണ), ഡെസിക്കേറ്റഡ് കോക്കനട്ട് (തേങ്ങ ചിരവിയത്), കോക്കനട്ട് മിൽക്ക് പൗഡർ (തേങ്ങപ്പാൽ പൊടി), കേരജം കേശാമൃതം (ഹെർബൽ ഹെയറോയിൽ) മുതലായവ വിപണിയിലുണ്ട്. കോക്കനട്ട് വിർജിൻ ഓയിൽ (ഉരുക്കെണ്ണ) വിപണിയിലെത്തിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വെർജിൻ കോക്കനട്ട് ഓയിൽ, നീര എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി നാളികേര വികസന കോർപ്പറേഷന് അനുമതി നൽകിയിട്ടുണ്ട്.

S. Kum.

**സെക്ഷൻ ഓഫീസർ**